# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം: 147

04-12-2015-ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ടി.യു. കുരുവിള<br>,, സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ : | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുക ശാസ്ത്രീയമായും സമയബന്ധിതമായും ഫലപ്രദമായും പദ്ധതികൾ ആവിഷ്ക്കരിച്ച് വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി വകുപ്പിന്റെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർ മിഷൻ അപ്രോച്ചിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ന്യൂനപക്ഷ ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് 2013–14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുടനീളം 903 ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുകയുണ്ടായി. ഇവർ അതാതു പ്രദേശത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് വകുപ്പിന്റെ പദ്ധതികളെപ്പറ്റി വിവരങ്ങൾ നൽകുകയും അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | 2. സംസ്ഥാനത്തൊട്ടാകെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആനുകൂല്യങ്ങളെയും അവകാശങ്ങളെയും പറ്റി അവർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്തു.<br>3. ദൂരദർശൻ, ആകാശവാണി, പത്രമാധ്യമങ്ങൾ എന്നിവ മുഖാന്തിരം ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.<br>4. വകുപ്പിന്റെ പദ്ധതികളെയും പ്രവർത്തനങ്ങളെയുംപറ്റി പൊതുജനങ്ങളെ അറിയിക്കുന്നതിനായി വിശദമായ ബ്രോഷറുകൾ തയ്യാറാക്കുകയും, ഫലപ്രദമായി അവ അർഹരായവർക്കിടയിൽ എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>5. സന്നദ്ധ സംഘടനകൾ, ന്യൂനപക്ഷ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധ പരിപാടികളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് ജനങ്ങൾക്ക് അവബോധം സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വകുപ്പ് വഴി കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇപ്പോൾ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് പുറമേ കാലക്രമേണ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ